LIBRARY ARCHIVES Kerala Legislative Assembly

വടക്കഞ്ചേരി ഫയർ & റെസ്ക്യൂസ്റ്റേഷന് കെ.എസ്.ആർ.ടി.സി. വക ഭൂമി

258 (3365) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കഞ്ചേരി ഫയർ & റെസ്ക്യൂ സ്റ്റേഷന് കെട്ടിടം പണിയുന്നതിന് വേണ്ടി കെ.എസ്.ആർ.ടി.സി. വടക്കഞ്ചേരി ഡിപ്പോയിൽനിന്നും ഭൂമി അനുവദിച്ചിട്ടുണ്ടോ; എന്നാണ് കെ.എസ്.ആർ.ടി.സി. തീരുമാനമെടുത്തത്; ഭൂമി കൈമാറുന്നതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഭൂമി കൈമാറുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പ് കെ.എസ്.ആർ.ടി.സി.ക്ക് ഭൂമി സറണ്ടർ ചെയ്യുന്നതിനുള്ള അപേക്ഷകൾ നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ കെ.എസ്.ആർ.ടി.സി. നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) ഭൂമി കൈമാറുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) വടക്കഞ്ചേരിയിൽ കെ.എസ്.ആർ.ടി.സി.യുടെ സ്ഥലത്തു നിന്നും 50 സെന്റ് സ്ഥലം കെ.എസ്.ആർ.ടി.സി.യുടെ 20-12-2008-ലെ 347-ാം മത് ഭരണ സമിതി തീരുമാനത്തിന്റെ (അജണ്ട ഇനം നമ്പർ 217/08) അടിസ്ഥാനത്തിൽ ഫയർ & റെസ്ക്യൂ സ്റ്റേഷന് കൈമാറാൻ തീരുമാനം എടുക്കുകയുണ്ടായി.

പ്രസ്തുത വസ്തു സർക്കാർ പുറംപോക്ക് ഭൂമി അല്ലാത്തതിനാൽ കേരള ഭൂമി വിട്ടൊഴിയൽ നിയമപ്രകാരം റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിനുള്ള നടപടികൾ കൈക്കൊണ്ടതിനുശേഷം മാത്രമേ വകുപ്പ് തലത്തിൽ ഭൂമി കൈമാറ്റ നടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ.

എത്രയും വേഗം ഭൂമി കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ബി) കേരള ഭൂമി വിട്ടൊഴിയൽ നിയമ പ്രകാരം കൈമാറ്റം ചെയ്യപ്പെടുന്ന ഭൂമി ലാന്റ് റവന്യൂ വകുപ്പിലേക്ക് മാറ്റുന്നതിന് നിർദ്ദേശങ്ങൾ അടങ്ങിയ റിപ്പോർട്ട് സർക്കാരിൽ സമർപ്പിക്കുന്നതിനായി ലാന്റ് റിലിങ്ക്വിഷ്മെന്റ് ഫോറം ആലത്തൂർ തഹസിൽദാർ 4-8-2015-ൽ കെ.എസ്.ആർ.ടി.സി.ക്ക് അയച്ചു കൊടുക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി സ്ഥലം അളന്ന് വ്യക്തത വരുത്തി അന്തിമ റിപ്പോർട്ട് 16-12-2015-ൽ കെ.എസ്.ആർ.ടി.സി.ക്ക് ലഭ്യമാക്കുകയും സർക്കാർ നിശ്ചിയിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയമായി ഫയർ & റെസ്ക്യൂ സർവ്വീസിന് സ്ഥലം കൈമാറുന്നതിനുള്ള സർക്കാർ ഉത്തരവ് ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടു കൊണ്ട് 28-1-2016-ൽ ഗതാഗത വകുപ്പിന് കെ.എസ്.ആർ.ടി.സി.യുടെ റിപ്പോർട്ട്

ലഭിക്കുകയുണ്ടായി. ഗതാഗത വകുപ്പ് പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ഉന്നതതല ശിപാർശയോടെ ആവശ്യമായ ഉത്തരവ് ലഭ്യമാക്കുന്നതിലേക്കായി റവന്യൂ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) സ്ഥലം കൈമാറുന്നതിനുള്ള വ്യവസ്ഥകളും നിബന്ധനകളും അടങ്ങുന്ന ഉത്തരവ് ലഭ്യമാകുന്ന മുറയ്ക്ക് സ്ഥലം കൈമാറുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ്

259 (3366) <u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ആയിറ്റയിൽ പ്രവർത്തിക്കുന്ന കൊറ്റി-കോട്ടപ്പുറം ബോട്ട് സർവ്വീസ് കാര്യക്ഷമമായി പ്രവർത്തിക്കാൻ വകുപ്പ് തലത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത റൂട്ടിൽ ഇപ്പോൾ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുവെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കൊറ്റിയിൽനിന്നും കോട്ടപ്പുറത്തേയ്ക്ക് ബോട്ട് സർവീസ് നടത്തിയിരുന്നു. എന്നാൽ മാവിലോടം-ഒരുമുക്ക് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് കായലിൽ ബണ്ട് സ്ഥാപിച്ചിരുന്നതിനാൽ ടി സർവ്വീസ് മാവിലോടം വരെയായി കുറയ്ക്കുകയാണുണ്ടായത്. പാലം പണി പൂർത്തീകരിച്ച് ബണ്ട് നീക്കം ചെയ്യുവെങ്കിലും ജലപാതയിൽ ജലഗതാഗതത്തിന് ആവശ്യമായ ആഴം ഇല്ലാതെ വരികയും മൺതിട്ടകൾ രൂപപ്പെടുകയും ചെയ്തു. കൃത്യമായി മണ്ണു നീക്കൽ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ലാത്തതിനാൽ ടി റൂട്ടിലൂടെ നിലവിൽ സുരക്ഷിതമായി സർവ്വീസ് നടത്തുവാൻ സാധ്യമല്ല. പ്രസ്തുത പ്രദേശങ്ങളിൽ ആവശ്യമായ ആഴം കൂട്ടുന്നതിനും ജെട്ടികൾ പുനഃനിർമ്മിക്കുന്നതിനും ഇൻലാന്റ് നാവിഗേഷൻ, ഇറിഗേഷൻ എന്നീ വകുപ്പുകൾ വഴി നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) രണ്ടു ബോട്ടുകൾ സർവ്വീസ് നടത്തുന്നു. ഒരു ബോട്ട് കൊറ്റി മുതൽ മാവിലോടം വരെയും മറ്റൊന്ന് കൊറ്റി മുതൽ പടന്ന വരെയും.

(3088, 3090, 3092, 3098, 3100, 3104, 3113, 3114, 3116, 3119, 3121, 3122, 3134, 3144, 3158, 3162, 3163, 3178, 3199, 3201 എന്നീ നമ്പർ നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly